പുറംകടലിൽ ആറും ഏഴും ദിവസം തുടർച്ചയായി കഴിയുന്നതിനുപയുക്തമായ ട്രോളറുകളും ഉപയോഗിച്ചുകൊണ്ടു മൽസ്യബന്ധനത്തിൽ നാം പുതിയ പന്ഥാവിലേക്ക് പ്രവേശിച്ചുകഴിഞ്ഞു.

മൽസ്യബന്ധനത്തുറമുഖങ്ങളുടെ വികസനം അതിശീഘ്രം പുരോഗമിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പണി ഉടൻ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. കൊച്ചിയിലെ മൽസ്യബന്ധനസൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. നീണ്ടകരയിലെ തുറമുഖത്തിന്റെ പണിയും കഴിയുന്നതുംവേഗം ആരംഭിക്കുന്നതിനുദ്ദേശിക്കുന്നു.

മുന്നൂറുകോടി രൂപ മുതൽമുടക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കികേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തിനായി നാം സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെസമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കു അതുല്യമായ സാദ്ധ്യതകളും ഉൾക്കൊള്ളുന്നതും നമ്മുടെ വിദേശനാണ്യ സമ്പാദ്യം ഗണ്യമായി വർദ്ധിക്കുന്നതിനു സഹായകമാകുന്നതുമായ ഈ ബൃഹത്പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി പ്രത്യേകം പ്രതിപാദിക്കേണ്ടതില്ലല്ലോ. ഈ പദ്ധതിയുടെ ദേശീയപ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിൽ നിന്നും ഉദാരമായ സാമ്പത്തികസഹായം ലഭിക്കുമെന്നു പ്രത്യാശിക്കാം.

തെരഞ്ഞെടുക്കപ്പെട്ട ചില പ്രദേശങ്ങളിൽ മൽസ്യബന്ധന പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും തയ്യാറാക്കിവരുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ പണം അഗ്രിക്കൾച്ചറൽ റീ ഫൈനാൻസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇപ്രകാരം ഒരു പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി, 1970–71–ലെ ബഡ്ജറിൽ ടോക്കൺസംഖ്യ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പരിപാടികളിലും ഗവൺമെന്റിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ട്. 1969–ൽ അർഹതയുള്ള മൽസ്യത്തൊഴിലാളികൾക്ക് കുടിലുകൾ മേയുന്നതിനു സാമ്പത്തികസഹായം നൽകി, സ്വന്തം ഉപജീവനമാർഗ്ഗത്തിൽ ഏർപ്പെടുമ്പോൾ കഠിനമായ ക്ലേശങ്ങളെയും പ്രയാസങ്ങളെയും എതിരിടേണ്ടിവരുന്ന ഇവർ കഠിനാധ്വാനികളായ ഒരു വിഭാഗം തൊഴിലാളികളാണ്. അവരുടെ ജീവിതവൃത്തിതന്നെ വളരെ അപകടസാദ്ധ്യതയുള്ളതാണ്. അനവധി കുടുംബങ്ങളെ അനാഥമാക്കിക്കൊണ്ട് മരണങ്ങളും അപകടങ്ങളും പലപ്പോഴും സ്വന്തം വൃത്തിയിലേർപ്പെട്ടിരിക്കുമ്പോൾ അവരുടെ ഇടയിലുണ്ടാകാറുണ്ട്. താൽക്കാലികമായ ചില്ലറ സഹായങ്ങൾക്കു പകരം സ്ഥിരമായ ഒരു ആശ്വാസപദ്ധതി ആവിഷ്ക്കരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. മൽസ്യബന്ധനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ കുടുംബങ്ങൾക്ക് സംരക്ഷണം ലഭിക്കത്തക്കവണ്ണം ഒരു ഇൻഷ്വറൻസ് പദ്ധതി സംവിധാനം ചെയ്തു നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിലേക്ക് ബഡ്ജറിൽ ടോക്കൺസംഖ്യ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ക്ഷീരവ്യവസായവും മൃഗസംരക്ഷണവും

1970–71–ലെ ക്ഷീരവ്യവസായ വികസന പരിപാടികളിൽ, ആലപ്പുഴയിൽ ഒരു ക്ഷീരസംസ്ക്കരണ പ്ലാന്റു സ്ഥാപിക്കുന്നതും തിരുവനന്തപുരത്തെ ക്ഷീരവിതരണ കേന്ദ്രത്തിന്റെ ഉൽപാദനശക്തി വർദ്ധിപ്പിക്കുന്നതും, എറണാകുളം ക്ഷീരവിതരണ പദ്ധതിയോടനുബന്ധിച്ച് ഒരു പാൽപ്പൊടി

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി സ്ഥാപിക്കുന്നതും എടുത്തുപറയത്തക്കവയാണ്. ഒടുവിൽപറഞ്ഞ പദ്ധതിക്ക് പൂർണ്ണരൂപം കൊടുത്തിട്ടില്ലാത്തതിനാൽ ബഡ്ജറിൽ അതിന് ഒരു ടോക്കൺ സംഖ്യമാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കാലികമായിമാത്രം അനുഭവപ്പെടുന്ന ക്ഷീരോല്പാദനത്തിലുള്ള ആധിക്യം നിമിത്തമുള്ള മിച്ചം ക്ഷീരീ വ്യവസായ കേന്ദ്രങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലൊന്നാണ്. തങ്ങൾക്ക് വിതരണം ചെയ്യാവുന്നതിൽകൂടുതൽ പാൽ പ്രസ്തുത കേന്ദ്രങ്ങൾക്ക് സ്വീകരിക്കേണ്ടിവരുന്നു. നിർദ്ദിഷ്ട പാൽപ്പൊടി ഫാക്ടറ ഇപ്രകാരം മിച്ചംവരുന്ന പാൽ ഉപയോഗപ്പെടുത്തുകയും അങ്ങിനെ പാലിന്റെ ദുരുപയോഗവും നഷ്ടവും കുറയ്ക്കുകയും ചെയ്യും.

മൃഗസംരക്ഷണ പദ്ധതിയുടെ കീഴിലുള്ള വിവിധ വികസന പരിപാടികളും ഗണ്യമായ പുരോഗതി നേടിക്കൊണ്ടിരിക്കുകയാണ്. മാട്ടുപ്പെട്ടിയിലുള്ള ഇൻഡോസ്വിസ് പദ്ധതിക്കുള്ള സ്റ്റോറേറ്റ് ഗവൺമെന്റിന്റെ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. മലമ്പുഴയിലെ നിർദ്ദിഷ്ടമായ കാലിത്തീറ്റ ഉൽപ്പാദന കേന്ദ്രം 1970–71–ൽ ഉൽപ്പാദനം തുടങ്ങുമെന്നു പ്രതീക്ഷിക്കുന്നു. പ്രതിവർഷം മുപ്പതിനായിരം ടൺ സമീകൃത കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കഴിവ് പ്രസ്തുത ഫാക്ടറിക്കുണ്ട്. ബേക്കൺ ഫാക്ടറിയും 1970–71–ൽ പരിപൂർണ്ണമായും പ്രവർത്തനക്ഷമമാകും. പ്രതിദിനം ഒരു ടൺ ഉൽപ്പന്നങ്ങളും ഈ ഫാക്ടറിയിൽ നിന്നു പുറത്തുവരും. ഇതിന്റെ കാനിംഗ്വിഭാഗം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റുവിഭാഗങ്ങളും 1970–71–ൽത്തന്നെ ആരംഭിക്കുന്നതാണ്.

ജലസേചനം

പതിനേഴ് വൻകിടജലസേചനപദ്ധതിയുടെ പണികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ പ്രോജക്റ്റുകളും തുടങ്ങുന്നതിന് മുൻപ് ഏറ്റെടുത്തവ പൂർത്തിയാക്കുകയാണ് നാലാം പദ്ധതിയുടെ ഉന്നം. പെരിയാർവാലിയും, ചിറ്റൂർപ്പുഴയും 1970–71–ൽ തന്നെ പൂർത്തിയാക്കുമെന്നു പ്രതീക്ഷിക്കുന്നു. പമ്പ, കല്ലട, കുറ്റിയാടി, കാഞ്ഞിരപ്പുഴ, പഴശി എന്നീ പദ്ധതികളുടെ പണികളും പുരോഗമിക്കുന്നുണ്ട്. ബാക്കിയുള്ള പത്തു പദ്ധതികളും ഏറെക്കുറെ പൂർത്തിയാക്കികഴിഞ്ഞു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചിമ്മിനിമുപ്പിളി പ്രോജക്റ്റിന് മുൻഗണന കൊടുക്കാനും ഗവൺമെന്റു തീരുമാനിച്ചിട്ടുണ്ട്. വിവിധ ജലസേചനപദ്ധതികളുടെ നടത്തിപ്പിനുവേണ്ടി ബഡ്ജറിൽ 4.5 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ കല്ലട പദ്ധതിക്കു ഒരു കോടിയിൽപ്പരം രൂപയും കുറ്റിയാടിപദ്ധതിക്ക് ഒരു കോടിയോടടുത്ത തുകയും വക കണ്ടിട്ടുണ്ട്.

ചെറുകിടജലസേചനത്തിന് രണ്ടു കോടി രൂപ വകകൊള്ളിച്ചിരിക്കുന്നു. ചെറുകിട ജലസേചനപരിപാടികളിൽ പഞ്ചായത്തുകളെ സജീവമായി പങ്കെടുപ്പിക്കുന്നതാണ്. പഞ്ചായത്തുകൾക്ക് സൗജന്യമായി പമ്പുസെറ്റുകളും വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ബഡ്ജറിൽ ആവിഷ്കരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ കീഴിൽ ജലസേചനസൗകര്യമുള്ള കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. മേൽപറഞ്ഞ രണ്ടു പദ്ധതികൾക്കുമായി ബഡ്ജറിൽ ഇരുപതുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ചെറുകിട ജലസേചനവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റൊരു പദ്ധതി നദികളിലും തോടുകളിലും പമ്പുസെറ്റുകൾ സ്ഥാപിച്ച് പാർശ്വസ്ഥലങ്ങളിലേക്ക് വെള്ളം വിതരണം ചെയ്യുകയെന്നുള്ളതാണ്. ഈ പദ്ധതികളുടെ പണികൾ പൂർത്തിയാകുന്ന മുറയ്ക്കു പഞ്ചായത്തുകളെ ഏല്പിച്ചുകൊടുക്കും. ഈ ആവശ്യങ്ങൾക്ക് പത്തുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly